**രജിസ്റ്റർ നമ്പർ** :

**വിദ്യാർഥി(നി)യുടെ പേര്** :

**KKMDU-**

## കേരള കലാമണ്ഡലം കല്പിതസർവകലാശാല

വള്ളത്തോൾ നഗർ

### 2016–2017 അധ്യയനവർഷം 8–ാം ക്ലാസ്സ് പ്രവേശനം: അഭിരുചി നിർണ്ണയ പരീക്ഷ

**സമയം: 2 മണിക്കൂർ** **11 മേയ് 2016** **മാർക്ക് : 100**

---

*I.* **1 മുതൽ 50 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. a b c എന്നിവയിൽ ശരിയായ ഉത്തരം സൂചിപ്പിക്കുന്ന അക്ഷരം ☐ൽ എഴുതുക. ഓരോ ചോദ്യത്തിനും ഓരോ മാർക്കുവീതം.** (1x50=50)

1. കേരള കലാമണ്ഡലം സ്ഥാപിച്ചതാര്? ☐
   a) വള്ളത്തോൾ b) ഉള്ളൂർ c) എം.കെ.കെ. നായർ

2. കലാമണ്ഡലം ആരംഭിച്ച വർഷം ഏത്? ☐
   a) 1947 b) 1930 c) 1956

3. കലാമണ്ഡലം ഏത് ജില്ലയിലാണ് സ്ഥിതിചെയ്യുന്നത്? ☐
   a) കണ്ണൂർ b) തിരുവനന്തപുരം c) തൃശൂർ

4. കലാമണ്ഡലത്തിലെ കൂത്തമ്പലത്തിന്റെ മുഖ്യശില്പി ആരായിരുന്നു? ☐
   a) ആർട്ടിസ്റ്റ് എം.വി. ദേവൻ b) ഡി. അപ്പുക്കുട്ടൻ നായർ c) ആർട്ടിസ്റ്റ് നമ്പൂതിരി

5. കലാമണ്ഡലം ചരിത്രം തയ്യാറാക്കിയത് ആര്? ☐
   a) ലീലാ നമ്പൂതിരിപ്പാട് b) കിള്ളിമംഗലം വാസുദേവൻ നമ്പൂതിരിപ്പാട്
   c) കലാമണ്ഡലം ഗോപി

6. കൂടിയാട്ടത്തിനുപയോഗിക്കുന്ന വാദ്യോപകരണമേത്? ☐
   a) ചെണ്ട b) മദ്ദളം c) മിഴാവ്

7. പഴയ കലാമണ്ഡലത്തിന്റെ ഇപ്പോഴത്തെ പേര് എന്ത്? ☐
   a) വള്ളത്തോൾ സ്മാരകം b) നിളാക്യാമ്പസ്സ് c) അരങ്ങ്

8. കലാമണ്ഡലം ഏത് നദിയുടെ തീരത്താണ്? ☐
   a) തൂതപ്പുഴ b) പെരിയാർ c) ഭാരതപ്പുഴ

9. കലാമണ്ഡലത്തിന്റെ ഇന്നത്തെ പദവി എന്ത്? ☐
   a) കല്പിത സർവകലാശാല b) കഥകളി അക്കാദമി c) സ്റ്റേറ്റ് അക്കാദമി ഓഫ് ആർട്ട്സ്

10. കലാമണ്ഡലം ശൈലി എന്നറിയപ്പെടുന്ന മോഹിനിയാട്ടം അഭിനയരീതി ചിട്ടപ്പെടുത്തിയത് ആര്? ☐
    a) കലാമണ്ഡലം ചിന്നമ്മു അമ്മ b) കലാമണ്ഡലം സത്യഭാമ c) എ.ആർ.ആർ. ഭാസ്കർ

11. കലാമണ്ഡലം പ്രവർത്തിച്ചു തുടങ്ങിയ ശ്രീനിവാസം ബംഗ്ലാവിന്റെ ആസ്ഥാനം എവിടെ? ☐
    a) അമ്പലപുരം b) പൊന്നാനി c) കുന്ദംകുളം

12. കേരള സംസ്ഥാനം രൂപപ്പെട്ട വർഷം ഏത്? ☐
    a) 1947 b) 1957 c) 1956

13. കേരള സംസ്ഥാനത്തെ ആദ്യത്തെ മുഖ്യമന്ത്രി ആര്?
a) ഇ.എം.എസ്. നമ്പൂതിരിപ്പാട് b) കെ.കരുണാകരൻ c) പട്ടം താണുപിള്ള

14. മലയാള ഭാഷയുടെ പിതാവ് എന്നറിയപ്പെടുന്നതാര്?
a) എഴുത്തച്ഛൻ b) നമ്പ്യാർ c) ചെറുശ്ശേരി

15. കൃഷ്ണഗാഥയുടെ കർത്താവ് ആര്?
a) പൂന്താനം നമ്പൂതിരി b) ചെറുശ്ശേരി c) മഴമംഗലം

16. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?
a) എഴുത്തച്ഛൻ b) ചെറുശ്ശേരി c) കുഞ്ചൻ നമ്പ്യാർ

17. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി ആര്?
a) ജോസഫ് മുണ്ടശ്ശേരി b) സി.എച്ച്. മുഹമ്മദ് കോയ c) വി.ആർ. കൃഷ്ണയ്യർ

18. മഹാകാവ്യം എഴുതാതെ മഹാകവിയായത് ആര്?
a) ഉള്ളൂർ b) ആശാൻ c) വള്ളത്തോൾ

19. ഉള്ളൂർ രചിച്ച മഹാകാവ്യം ഏത്?
a) രാമചന്ദ്രവിലാസം b) ചിത്രയോഗം c) ഉമാകേരളം

20. "ഭാരതമെന്നപേർ കേട്ടാലഭിമാന-
പൂരിതമാകണമന്തരംഗം" - ഈ വരികൾ രചിച്ചതാര്?
a) വള്ളത്തോൾ b) പാലാനാരായണൻ നായർ c) പി. കുഞ്ഞിരാമൻ നായർ

21. "ഒരുവട്ടം കൂടിയപ്പഴയവിദ്യാലയ-
ത്തിരുമുറ്റത്തെത്തുവാൻ മോഹം" - ഇത് ആരുടെ വരികളാണ്?
a) ഒ.എൻ.വി. b) റഫീക് അഹമ്മദ് c) കുരീപ്പുഴ ശ്രീകുമാർ

22. മലയാളം സർവകലാശാലയുടെ ആസ്ഥാനം എവിടെ?
a) തിരുവനന്തപുരം b) തൃശൂർ c) തിരൂർ

23. മലയാളം സർവകലാശാലയുടെ വൈസ് ചാൻസലർ ആര്?
a) കെ. ജയകുമാർ b) ഡോ. ബി. ഇക്ബാൽ c) സൂര്യകൃഷ്ണമൂർത്തി

24. "കായലരികത്തു വലയെറിഞ്ഞപ്പം
വളകിലുക്കിയ സുന്ദരീ........." - ഈ സിനിമഗാനം രചിച്ചതാര്?
a) ഒ.എൻ.വി. b) പി. ഭാസ്ക്കരൻ c) വയലാർ

25. 'ആരാച്ചാർ' എന്ന കൃതിയുടെ കർത്താവാര്?
a) സുഗതകുമാരി b) ലളിതാംബിക അന്തർജ്ജനം c) കെ.ആർ. മീര

26. കലാമണ്ഡലം കല്പിത സർവകലാശാലയുടെ ഇപ്പോഴത്തെ വൈസ് ചാൻസലർ ആര്?
a) ഡോ.കെ.ജി. പൗലോസ് b) പി.എൻ. സുരേഷ് c) ഡോ. എം.സി. ദിലീപ്കുമാർ

27. അ ഇ, ക ഗ, ച ജ - ഇതിൽ കൂട്ടത്തിൽ ചേരാത്ത വിഭാഗം ഏത്?
a) ക ഗ b) അ ഇ c) ച ജ

28. 2016-ലെ ആശാൻ പ്രൈസ് നേടിയ യുവ കവിയാര്?
a) ആര്യഗോപി b) എ.കെ. ഗോപീദാസ് c) ശ്രീകുമാർ മുഖത്തല

29. ശരിയായ രൂപം ഏത്?
a) വിദ്യാഭ്യാസം b) വിദ്യഭ്യാസം c) വിധ്യാഭ്യാസം

30. ജൂൺ 19-ന്റെ പ്രാധാന്യം എന്ത്?
a) പരിസര ദിനം b) വായനാദിനം c) ഭൗമദിനം

31. 'ഉപ്പ്' എന്ന കൃതിയുടെ കർത്താവ് ആര്?
a) വി. മധുസൂദനൻ നായർ b) മുരുകൻ കാട്ടക്കട c) ഒ.എൻ.വി. കുറുപ്പ്

32. കേരളത്തിലെ ഗ്രന്ഥശാലാപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത് ആര്?
a) എസ്.കെ. പൊറ്റക്കാട് b) മാമ്മൻ മാപ്പിള c) പി.എൻ. പണിക്കർ

33. ജ്ഞാനപീഠം അവാർഡ് നേടിയ ആദ്യഭാഷാ കവി ആര്?
a) ജി. ശങ്കരക്കുറുപ്പ് b) ഒ.എൻ.വി. കുറുപ്പ് c) എസ്.കെ. പൊറ്റക്കാട്

34. നളചരിതം ആട്ടക്കഥയുടെ കർത്താവ് ആര്?
a) ദേശമംഗലം രാമവാരിയർ b) ഉണ്ണായിവാരിയർ c) രാമപുത്തുവാരിയർ

35. കലാമണ്ഡലം ഹൈദരാലി പ്രസിദ്ധനായത് ഏത് മേഖലയിലാണ്?
a) കർണ്ണാടകസംഗീതം b) ഹിന്ദുസ്ഥാനിസംഗീതം c) കഥകളിസംഗീതം

36. കഥകളിയിലെ ആദ്യ ചടങ്ങ്?
a) പുറപ്പാട് b) തോടയം c) കേളി

37. പഞ്ചവാദ്യത്തിൽ ഉപയോഗിക്കാത്ത വാദ്യം ഏത്?
a) മദ്ദളം b) ചെണ്ട c) ഇടയ്ക്ക

38. വർഷത്തിൽ എല്ലാദിവസവും കഥകളി നടത്തുന്ന ക്ഷേത്രം എവിടെയാണ്?
a) തിരുവല്ല b) ചെങ്ങന്നൂർ c) തിരുവനന്തപുരം

39. വള്ളത്തോളിന്റെ ശരിയായ പേരെന്ത്?
a) വള്ളത്തോൾ നാരായണമേനോൻ b) വള്ളത്തോൾ രവി c) വള്ളത്തോൾ മാധവമേനോൻ

40. ചെണ്ടവാദകരിൽ ആദ്യമായി പത്മശ്രീ ലഭിച്ച കലാകാരൻ ആര്?
a) പെരുവനം കുട്ടൻമാരാർ b) മട്ടന്നൂർ ശങ്കരൻകുട്ടിമാരാർ c) അനിയൻ മാരാർ

41. "ഉറൂബ്" എന്ന തൂലികാനാമത്തിൽ അറിയപ്പെടുന്ന സാഹിത്യകാരൻ ആര്?
a) മലപ്പുറം കൃഷ്ണൻകുട്ടി b) കുട്ടികൃഷ്ണമാരാർ c) പി.സി. കുട്ടികൃഷ്ണൻ

42. കാക്കേ കാക്കേ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ? - ഈ വരികൾ രചിച്ചത് ആര്?
a) കുഞ്ഞുണ്ണിമാഷ് b) കുമാരനാശാൻ c) ഉള്ളൂർ

43. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം?
a) തിരുവനന്തപുരം b) കോട്ടയം c) തൃശൂർ

44. "എന്ന് നിന്റെ മൊയ്തീൻ" എന്ന സിനിമയിലെ നായികയുടെ പേരെന്ത്?
a) കനകലത b) കാഞ്ചനമാല c) വനമാല

45. 'ശബ്ദതാരാവലി' എന്ന കൃതി രചിച്ചത് ആര്?
a) ശ്രീകണ്ഠേശ്വരം പത്മനാഭപിള്ള b) കൊട്ടാരത്തിൽ ശങ്കുണ്ണി c) വെട്ടം മാണി

46. 'പൂതപ്പാട്ട്' ആരെഴുതിയ കവിതയാണ്?
a) ഇടശ്ശേരി ഗോവിന്ദൻ നായർ b) കുറ്റിപ്പുറം കേശവൻ നായർ
c) പാലാനാരായണൻ നായർ

47. കേരള വാല്മീകി എന്ന പേരിൽ അറിയപ്പെടുന്നതാര്?
a) കുമാരനാശാൻ b) ഉള്ളൂർ c) വള്ളത്തോൾ

48. 2015-ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയത് ആര്?
a) പുതുശ്ശേരി രാമചന്ദ്രൻ b) ഡോ. അയ്യപ്പപ്പണിക്കർ c) ഡോ. എം. ലീലാവതി

49. കേരളത്തിൽ നടന്ന ദേശീയ ഗെയിംസ് 2015-ന്റെ ഭാഗ്യചിഹ്നം എന്തായിരുന്നു?
a) അമ്മു വേഴാമ്പൽ b) അപ്പു എന്ന ആനക്കുട്ടി c) മയിൽ

50. കേരളത്തിലെ ഇപ്പോഴത്തെ സാംസ്കാരിക വകുപ്പു മന്ത്രി?
a) എം.എ. ബേബി b) അബ്ദു റബ്ബ് c) കെ.സി. ജോസഫ്

II. **51 മുതൽ 60 വരെയുള്ള ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം എഴുതണം. ഓരോ ചോദ്യത്തിനും ഓരോ മാർക്കുവീതം.** (1x10=10)

51. ടാഗോറിനെ 'ഗുരുദേവ്' - എന്ന് വിളിച്ചതാര്?

52. 'ഇനിവരുന്നൊരു തലമുറയ്ക്ക്
ഇവിടെ വാസം സാധ്യമോ' - എന്ന ഗാനത്തിന്റെ രചയിതാവ് ആര്?

53. 'ആടുജീവിതം' എന്ന നോവലിന്റെ രചയിതാവ് ആര്?

54. ലോക ബാഡ്മിന്റൺ റാങ്കിംഗിൽ ഒന്നാമതെത്തിയ ആദ്യ ഇന്ത്യൻ വനിത ആര്?

55. നോവൽ സമ്മാനം നേടിയ ഇന്ത്യൻ ശാസ്ത്രജ്ഞൻ ആര്?

56. ലോക ഭക്ഷ്യദിനം എന്നാണ്?

57. 'അഗ്നിച്ചിറകുകൾ' ആരുടെ ആത്മകഥയാണ്?

58. സുഡാന്റെ ദൈന്യതയുടെ ചിത്രം - *ഒരു കുട്ടിയും കഴുകനും* - പകർത്തിയ ഫോട്ടോഗ്രാഫറുടെ പേരെന്ത്?

59. 1972-ൽ അമേരിക്ക വിയറ്റ്നാമിൽ നടത്തിയ ബോംബാക്രമത്തിൽ പരിക്കേറ്റ് വസ്ത്രമില്ലാതെ തെരുവിലൂടെ ഓടിയ പെൺകുട്ടിയുടെ പേര് എന്ത്?

60. ലോകത്തിലെ ആദ്യത്തെ സമ്പൂർണ്ണ സൗരോർജ്ജ വിമാനത്താവളമേത്?

III. **61 മുതൽ 64 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കുറിപ്പെഴുതുക. ഓരോ ചോദ്യത്തിനും അഞ്ച് മാർക്കുവീതം.** (4x5=20)

61. ഞാൻ കണ്ട സിനിമ

62. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പുസ്തകം

63. മാലിന്യ സംസ്ക്കരണം

64. എന്റെ വിദ്യാലയം

IV. **65 മുതൽ 66 വരെയുള്ള ചോദ്യങ്ങൾക്ക് രണ്ട് പുറത്തിൽ ഉപന്യാസം എഴുതുക. ഓരോ ചോദ്യത്തിനും പത്ത് മാർക്കുവീതം.** (2x10=20)

65. വനസംരക്ഷണം

66. ആസ്വാദനം തയ്യാറാക്കുക:

"നീയിതു കാൺകൊരാൺകുഞ്ഞിതാ, തൻ കുഞ്ഞി-
ക്കയ്യിൽച്ചെറിയപാൽപാത്രവുമായ്
പയ്യിനെക്കാലേ കറന്നീടുമമ്മതൻ
മെയ്യിൻ വലംവശം ചാരിനില്പൂ
മാതാവോ, പൈക്കറനിർത്തിമണിവള-
വ്രാതമണിഞ്ഞ വലത്തുകയ്യാൽ
പൈതലെപ്പേർത്തുമണച്ചുപുണർന്നതി-
പ്രീതയായ് കോൾമയിർക്കൊണ്ടിടുന്നു!"

(ഒരു ചിത്രം : വള്ളത്തോൾ - സാഹിത്യമഞ്ജരി)

(മണിവള - രത്നവള, വ്രാതം - കൂട്ടം, പയ്യ് - പശു, പേർത്തും - വീണ്ടും)

---

*ഉത്തരങ്ങൾ ഇവിടെ നിന്നും എഴുതി തുടങ്ങേണ്ടതാണ്*

---